**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 220** **27-06-2022 - ൽ മറുപടിയ്ക്ക്**

**എലിപ്പനി നിർണ്ണയം വേഗത്തിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | എലിപ്പനി നിർണ്ണയം വേഗത്തിൽ നടത്തുന്നതിനായി ലെപ്റ്റോസ്പൈറോസിസ് ആർ.ടി.പി.സി.ആർ. പരിശോധന വയനാട്ടിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) | നിലവിൽ വയനാട് ജില്ലയിൽ നിന്നും എലിപ്പനി പി.സി.ആർ പരിശോധനയ്ക്കായി സാംപിളുകൾ തിരുവനന്തപുരത്തുള്ള സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലബോറട്ടറി, കോഴിക്കോടും, പത്തനംതിട്ടയും എറണാകുളത്തുമുള്ള റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറി എന്നിവിടങ്ങളിലേയ്ക്ക് അയച്ചുനൽകി പരിശോധന നടത്തിയാണ് വരുന്നത്. ജില്ലാ സർവ്വേയലൻസ് ഓഫീസർ മുഖേന ഇത്തരത്തിൽ അയക്കുന്ന സാമ്പിളുകളുടെ പരിശോധന സൗജന്യമാണ്.<br><br>രണ്ടാംഘട്ടമായി എല്ലാ ജില്ലയിലും ജില്ലാ പബ്ലിക് ഹെൽത്ത് ലബോറട്ടറി കേന്ദ്രീകരിച്ച് പരിശോധന ആരംഭിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| (ബി) | പദ്ധതി ആരംഭിക്കുമെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | പദ്ധതി ആരംഭിക്കുന്നതിന്റെ ഭാഗമായി ലാബ് ടെക്നീഷ്യൻമാർക്കും ക്ലിനിക്കൽ മൈക്രോബയോളജിസ്റ്റുകൾക്കും ആവശ്യമായ ട്രെയിനിംഗ് മേഖലാടിസ്ഥാനത്തിൽ നൽകിവരുന്നു. ജൂലൈ മാസത്തോടെ പരിശീലനം പൂർത്തിയാവുന്നതാണ്. മേൽ പരിശോധന എല്ലാ ജില്ലയിലും ആരംഭിക്കുന്നതിന് ആവശ്യമായ പി.സി.ആർ പരിശോധന കിറ്റുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന നൽകുന്നതിലേയ്ക്കുള്ള പ്രവർത്തനവും നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ